പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2412

18.12.2012 ൽ
മറുപടിയ്ക്ക്

## സ്റ്റാർട്ട് അപ് വില്ലേജ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ ;<br>ശ്രീ. കെ. മുരളീധരൻ ;<br>ശ്രീ. ഹൈബി ഈഡൻ ;<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) സ്റ്റാർട്ട് അപ് വില്ലേജ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | എ) മൊബൈൽ ആപ്ലിക്കേഷൻ കമ്പനികൾക്ക് ഇൻകുബേഷൻ നൽകാൻ വേണ്ടി ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററും മോബ്മി വയർലസും കൂടി തുടങ്ങിയ ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്ററാണ് സ്റ്റാർട്ട് അപ് വില്ലേജ്. ഈ പദ്ധതിയിലൂടെ അടുത്ത 5 കൊല്ലം കൊണ്ട് 1000 സ്റ്റുഡന്റ് സ്റ്റാർട്ടപ്പുകളെ വളർത്തികൊണ്ടുവരികയാണ് ലക്ഷ്യം. |
| ബി) യുവസംരംഭകത്വം പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | ബി) സ്റ്റാർട്ടപ്പ് വില്ലേജ് പദ്ധതിയുടെ സഹായത്തോടുകൂടി കമ്പനി തുടങ്ങുന്ന വിദ്യാർത്ഥികൾക്ക് 20% അറ്റന്റൻസും 4% ഗ്രേസ് മാർക്കും ലഭ്യമാകുന്നു. |
| സി) ഏതെല്ലാം ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ? | സി) ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്ററും, മോബ്മി വയർലസ്സ് സൊല്യൂഷനുമാണ് സ്റ്റാർട്ടപ്പ് വില്ലേജ് പദ്ധതി നടപ്പാക്കുന്നത്. സ്റ്റാർട്ട്അപ്പ് വില്ലേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കിൻഫ്രയാണ് ലഭ്യമാക്കുന്നത്. ഇതിനെല്ലാം പുറമേ സ്റ്റാർട്ടപ്പ് വില്ലേജിന് Department of Science and Technology യുടെ സാമ്പത്തിക സഹായവും ഉണ്ട്. ഈ പദ്ധതിക്ക് വേണ്ടി കിൻഫ്ര മുഖേന സ്ഥലം നൽകാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഇതിന് ബ്ലാക്ബറി, ഒറാക്കിൾ തുടങ്ങിയ കമ്പനികളുടെ സാങ്കേതിക സഹായവും സ്വകാര്യ നിക്ഷേപകരുടെ സാമ്പത്തിക സഹായവും ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ